# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 393 28.11.2018-ൽ മറുപടിക്ക്

## നിലമ്പൂർ ഡി.എഫ്.ഒ ബംഗ്ലാവിന്റെ സംരക്ഷണം

**ചോദ്യം**

ശ്രീ.പി.വി. അൻവർ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വനം വകുപ്പിന്റെ കീഴിലുള്ള നിലമ്പൂർ ഡി.എഫ്.ഒ ബംഗ്ലാവ് പുരാവസ്തു സംരക്ഷണ വകുപ്പ് ഏറ്റെടുക്കുമോ; | (എ) & (ബി) | നിലമ്പൂർ ഡിഎഫ്ഒ ബംഗ്ലാവ് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ നിലവിൽ വകുപ്പിന് സംരക്ഷണ പ്രവർത്തികൾ ഏറ്റെടുക്കുവാനാകില്ല. ഇത് സംരക്ഷിതസ്മാരകമാക്കണമെന്ന നിർദ്ദേശം ലഭിച്ചാൽ അക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | ജീർണ്ണാവസ്ഥയിലായ പ്രസ്തുത കെട്ടിടം നവീകരിച്ച് സഞ്ചാരികൾക്ക് സന്ദർശനം അനുവദിക്കുമോ; | | |
| (സി) | ഇതു ചരിത്ര സ്മാരകമായി നിലനിർത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (സി) | ടി സ്മാരകത്തിന്റെ ചരിത്രപരവും പുരാവസ്തുപരവുമായ പ്രാധാന്യം പരിശോധിച്ച് 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെ പരിധിയിൽ വരുന്ന പക്ഷം ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നും റവന്യൂ വിശദാംശങ്ങൾ വാങ്ങി വനം വകുപ്പിന്റെ അനുമതികൂടി തേടിക്കൊണ്ട് ടി സ്മാരകത്തെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. ടി പ്രാഥമിക വിജ്ഞാപനത്തിനെതിരെ രണ്ട് മാസത്തിനുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കുന്നപക്ഷം ആയത് പരിഗണിച്ച ശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ടി സ്മാരകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാകുന്നതാണ്. സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പിന് ചെയ്യുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ